LIBRARY ARCHIVES Kerala Legislative Assembly

**മാവേലിക്കര മണ്ഡലത്തിലെ കാരുണ്യ ബെനവലന്റ് ഫണ്ട്**

**251 (591)** ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ 2011-2012, 2012-2013, 2013-2014, 2014-2015 കാലയളവിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും നടപ്പിലാക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും മാവേലിക്കര താലൂക്കിൽ ധനസഹായം ലഭിച്ച വ്യക്തികളുടെ വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനായി ലെയ്സൺ ഓഫീസർമാരെ നിയമിച്ച മാനദണ്ഡത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് വകുപ്പുതലത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ടുന്ന സർക്കാർ ആശുപത്രികളിൽ നിന്നോ സ്വകാര്യ ആശുപത്രികളിൽ നിന്നോ കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(ബി) കാരുണ്യ പദ്ധതി സംബന്ധിച്ച് പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പാക്കിയിട്ടുണ്ട്.

(സി) ഉത്തരം(എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.